നാശനഷ്ടങ്ങളുണ്ടായത് അവിടത്തെ കടൽഭിത്തിയുടെ ഉയരക്കുറവു കൊണ്ട്, വെള്ളം ഓവർഫ്ലോ ചെയ്തതുകൊണ്ടാണെന്നാണ്. അത് പരിശോധിച്ചിട്ട് കടൽഭിത്തിയുടെ ഉയരം കൂട്ടുന്നതിന് ടെക്നിക്കലായിട്ട് ഫീസിബിളാണെങ്കിൽ ആവശ്യമായ നടപടികളും സ്വീകരിക്കുന്നതിന് ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

രണ്ടാമതായി മുനമ്പത്ത് ഒരു കരാറുകാരൻ പണി നടത്തിയില്ലായെന്നൊരാരോപണമുണ്ടായി. തീർച്ചയായും അതിനെക്കുറിച്ച് പരിശോധിച്ച് അയാളെക്കൊണ്ടുതന്നെ എത്രയുംവേഗം പണി നടത്തിക്കാം. അതിന് കഴിയുന്നില്ലെങ്കിൽ അത് ക്യാൻസൽചെയ്തുകൊണ്ട്.....

ശ്രീ. കെ.എം. ഹംസക്കുഞ്ഞ്: സർ, ആ കരാറുകാരൻ ബില്ലുമാറിക്കൊണ്ടുപോയിട്ട് പണി നടത്തിയിട്ടില്ലായെന്നാണ് പറഞ്ഞത്.

ശ്രീ. കെ.എം. മാണി: സർ, പണി നടന്നതിനേ സാധാരണ ബില്ല് കൊടുക്കാവൂയെന്നാണ് നിയമം. ബില്ല്കൊണ്ടുപോയിക്കാണും. ഏതായാലും ഉടനെതന്നെ അക്കാര്യത്തെക്കുറിച്ച് അന്വേഷിച്ച് പണി എക്സ് പഡൈറ്റു ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കാം. ഇപ്പോൾ അവിടെ ഉൽക്കണ്ഠയ്ക്ക് കാര്യമൊന്നുമില്ല. ആവശ്യമായ സിമൻറ് ചാക്കുകളും അവിടെ നിക്ഷേപിച്ചിട്ടുണ്ട്. അങ്ങനെ താൽക്കാലിക നടപടികളും സ്വീകരിച്ചതുകൊണ്ട് ആളുകൾക്ക് വലിയ ബുദ്ധിമുട്ടുകളും ഇല്ലാതെ പരിതഃസ്ഥിതികൾ നിയന്ത്രണത്തിലാണ്.

IV. റിപ്പോർട്ടു സമർപ്പണം

(1) പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ നാൽപ്പത്തിയാറുമുതൽ അൻപതുവരെയുള്ള റിപ്പോർട്ടുകൾ—

ശ്രീ. പി. സീതിഹാജി: സർ, പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ ചെയർമാനായ ഞാൻ 1984–86–ലെ നാൽപത്തിയാറുമുതൽ അൻപതുവരെയുള്ള റിപ്പോർട്ടുകൾ സമർപ്പിച്ചുകൊള്ളുന്നു. പി.യു.സി. യുടെ ചരിത്രത്തിൽ ഇത്രയധികം റിപ്പോർട്ടുകൾ സമർപ്പിക്കാൻ സാധിച്ചതിൽ എനിക്ക് ചാരിതാർത്ഥ്യമുണ്ട്.

(2) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നൂറ്റി ഇരുപത്തിയേഴുമുതൽ നൂറ്റിമുപ്പത്തിയൊൻപതുവരെയുള്ള റിപ്പോർട്ടുകൾ—

ശ്രീ. കെ.പി. പ്രഭാകരൻ: സർ, 1984–'86–ലെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ 127 മുതൽ 139 വരെയുള്ള റിപ്പോർട്ടുകൾ ചെയർമാനായ ശ്രീ. സി. വാസുദേവമേനോനുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

(3) ഹർജികൾ സംബന്ധിച്ച സമിതിയുടെ എട്ടാമതു റിപ്പോർട്ട്—

ശ്രീ. പി.സി. ജോർജ്ജ്: സർ, ഹർജികൾ സംബന്ധിച്ച സമിതിയുടെ എട്ടാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly